(ജെ&കെ) ഗവൺമെന്റ് പ്രസ്സിൽ നിന്നും കാർഡ് അച്ചടിച്ചു കിട്ടുവാൻ നേരിടുന്ന കാലതാമസം മൂലം ഇക്കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതിനു പരിഹാരമായി താൽക്കാലിക റേഷൻ കാർഡുകൾ അച്ചടിപ്പിച്ച് അർഹമായ അപേക്ഷകർക്കു നൽകുവാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

റേഷൻ സാധനങ്ങളുടെ വില വർദ്ധനവ്

117 (118) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ കടവഴി വിറ്റിരുന്ന സാധനങ്ങളുടെ വിലയെന്തായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രസ്തുത സാധനങ്ങളുടെ വില എപ്പോഴെല്ലാം എത്രവീതം വർദ്ധിപ്പിച്ചു ;

(സി) ഇപ്പോൾ അവയുടെ വില എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങൾക്കുണ്ടായിരുന്ന വില ചുവടെ ചേർക്കുന്നു.

കോമൺ അരി	5.70 മുതൽ 5.75 വരെ
ഫൈൻ അരി	6.51 മുതൽ 6.56 വരെ
സൂപ്പർ ഫൈൻ അരി	6.82 മുതൽ 6.87 വരെ
ഗോതമ്പ്	4.33 മുതൽ 4.38 വരെ
പഞ്ചസാര	9.15
മണ്ണെണ്ണ	2.66 മുതൽ 2.87 വരെ

(ബി&സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങളുടെ വിലയിൽ കേന്ദ്രഗവൺമെന്റ് വരുത്തിയ മാറ്റങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. 19-8-1996-ലെ വില (കി : ഗ്രാമിന്)

കോമൺ അരി	5.50
ഫൈൻ അരി	6.50
സൂപ്പർ ഫൈൻ അരി	6.90
ഗോതമ്പ്	4.40
പഞ്ചസാര	9.15
മണ്ണെണ്ണ	2.66 - 2.87 വരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡിയോടുകൂടിയുള്ള അരിയുടെ വില

കോമൺ അരി	4.72 മുതൽ 4.74 വരെ
ഫൈൻ അരി	5.54 മുതൽ 5.55 വരെ
സൂപ്പർ ഫൈൻ അരി	5.85 മുതൽ 5.87 വരെ

2. 1-12-1997ലെ വില (കി : ഗ്രാമിന്)

എ ഗ്രേഡ് അരി	7.50
എ ഗ്രേഡ് അരി (1രൂപ സബ്സിഡി കഴിച്ച്)	6.50
ബി. പി. എൽ അരി	3.00
ഗോതമ്പ്	5.00
പഞ്ചസാര	11.50
മണ്ണെണ്ണ	2.66- 2.87

3. 29-1-1999ലെ വില (കി;ഗ്രാമിന്)

എ ഗ്രേഡ് അരി	9.60
എ ഗ്രേഡ് അരി (1രൂപ) സബ്സിഡി കഴിച്ച്)	8.60
ബി. പി. എൽ അരി	3.00
ഗോതമ്പ്	7.00
പഞ്ചസാര	11.50
മണ്ണെണ്ണ	2.66- 2.87

4. 1-4-1999 മുതൽ ഗോതമ്പിന്റെ വില കിലോഗ്രാമിന് 7.35 ആയി വർദ്ധിപ്പിച്ചു.

5. 1-11-1999മുതൽ നിലവിലുള്ള വില വിവരം ചുവടെ ചേർക്കുന്നു.

എ ഗ്രേഡ് അരി	9.60
എ ഗ്രേഡ് അരി (1രൂപ സബ്സിഡി കഴിച്ച്)	8.60
ബി. പി. എൽ അരി	4.00
ഗോതമ്പ്	7.35
പഞ്ചസാര	12.10
മണ്ണെണ്ണ	2.66-2.87